സെക്രട്ടേറിയറ്റിലെ പ്യൂൺ വിഭാഗക്കാരുടെ പ്രൊമോഷൻ

60 [2490] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പ്യൂൺ തസ്തിക സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾക്കൊള്ളിക്കാൻ നടപടി കൈക്കൊള്ളുമോ;

(ബി) ഇതിനെ സംബന്ധിച്ച് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ നിവേദന പ്രകാരം എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) യോഗ്യതയും സീനിയോറിറ്റിയും നോക്കി ലീഗൽ അസിസ്റ്റന്റ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികകളിൽ 10% പ്രൊമോഷൻ നൽകുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിൽ, ഒരു സർവ്വീസിലുള്ള തസ്തിക, മറ്റൊരു സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ അനുവദിക്കുന്നില്ല. അക്കാരണത്താൽതന്നെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുന്ന സെക്രട്ടേറിയറ്റിലെ പ്യൂൺ തസ്തിക, മറ്റൊരു സർവ്വീസായ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾക്കൊള്ളിക്കാൻ നടപടി കൈക്കൊള്ളാനാവില്ല.

(ബി) (എ)-പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനം എടുത്തിട്ടില്ല. കൂടാതെ നിലവിലുള്ള സംവരണത്തോത് ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

കാഞ്ഞിരപ്പള്ളിയിൽ ഫയർ സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ

61 [2491] *ശ്രീ. ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ ഫയർ സ്റ്റേഷനുവേണ്ടി സ്ഥലം വിലയ്ക്ക് നൽകുവാൻ തയ്യാറാണെന്ന് കാണിച്ച് ശ്രീ. എം. റ്റി. തോമസ്, മുണ്ടുചിറ എന്നയാൾ സമർപ്പിച്ച സമ്മത പത്രത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly